ഉത്തരം

(എ) 2010-11-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ലഭ്യമാകുന്ന തനി തുക 2005,96,99,000 രൂപയാണ്.

(ബി) 1605,01,15,700 രൂപ.

(സി) 644,34,23,819 രൂപ.

(ഡി) ആഡിറ്റ് നടപടികൾ പൂർത്തിയായാൽ മാത്രമേ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പൊതുതെരഞ്ഞെടുപ്പ് നടന്നതിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിലിരുന്ന കാലയളവിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ഗ്രാമ/വാർഡ് സഭകൾ വിളിച്ചു ചേർക്കുന്നതിനോ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനോ കഴിയുമായിരുന്നില്ല. ഇതുകാരണം പദ്ധതി നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. അകാലത്തിൽ പെയ്ത മഴയും പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നതിന് കാരണമായിട്ടുണ്ട്.

(എഫ്) മരാമത്ത് പ്രവൃത്തികളുടെ ചുമതല എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടേയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടേയും പരിശീലന യോഗങ്ങളിൽ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) പദ്ധതി തുക നഷ്ടപ്പെടാതിരിക്കണമെങ്കിൽ 80 ശതമാനത്തിൽ കുറയാതെ സാമ്പത്തിക വർഷം ചെലവഴിക്കേണ്ടതുണ്ട്. ചെലവ് ശതമാനം 80 ശതമാനത്തിൽ താഴെയാണെങ്കിൽ 80 ശതമാനം ചെലവ് ആകുന്നതിൽ കുറവ് വന്ന തുക നഷ്ടപ്പെടുന്നതാണ്.

പ്ലാൻ ഫണ്ടിന്റെ വിനിയോഗം

140 (1898) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിന്റെ ശരാശരി എത്ര ശതമാനം കൈമാറുന്നുണ്ടെന്നും ഈ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ എന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മൂന്നാം ധനകാര്യ കമ്മീഷന്റെ ശിപാർശ സർക്കാർ അംഗീകരിച്ചത് പ്രകാരമുള്ള വിഹിതമാണ് 1-4-2006 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വരുന്നത്. 2010-11 സാമ്പത്തിക വർഷം വികസന ഫണ്ട് ഇനത്തിൽ 2010 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്. ഇത് സംസ്ഥാന പദ്ധതി അടങ്കൽ തുകയായ 10,000 കോടി രൂപയുടെ 20.10 ശതമാനമാണ്. പദ്ധതികൾ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖയും സബ്സിഡി അനുവദിക്കുന്നതിന് മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ടെക്നിക്കൽ അഡൈസറി ഗ്രൂപ്പുകളുടെ പരിശോധനയെ തുടർന്ന് ജില്ലാ ആസൂത്രണ സമിതികളാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നത്. ചട്ടങ്ങൾക്കും സർക്കാർ നൽകിയിട്ടുള്ള മാർഗ നിർദ്ദേശങ്ങൾക്കും വിധേയമായാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടത്. പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി ജില്ലാ ആസൂത്രണ സമിതികൾ മാസംതോറും അവലോകനം ചെയ്യാറുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

141 (1899) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തേക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 2010 സെപ്റ്റംബർ 30 വരെ പദ്ധതി വിഹിതത്തിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് മൊത്തം വിഹിതത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2010 നവംബർ 30 വരെ തദ്ദേശ സ്ഥാപനങ്ങൾ ചെലവിട്ട തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇത് മൊത്തം വിഹിതത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ലഭ്യമാകുന്ന തനി തുക 2005,96,99,000 രൂപയാണ്.

(ബി) 2010 സെപ്റ്റംബർ 30 വരെ 470,83,79,175 രൂപ ചെലവഴിച്ചു.

(സി) 23.47%.

(ഡി) 644,34,23,819.

(ഇ) 32.12%.

LIBRARY ARCHIVES Kerala Legislative Assembly